**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6666** **11-11-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പുനരധിവാസ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എം.വിജിൻ** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഭിന്നശേഷിക്കാരായ കുട്ടികൾക്കായി വില്ലേജ്, തദ്ദേശ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ; | (എ) | ഭിന്നശേഷിക്കാരായ കുട്ടികളുടെ പുനരധിവാസത്തിനായി ഗ്രാമ പഞ്ചായത്തുകളിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ബഡ്സ് സ്കൂളുകളും, ബഡ്സ് റീഹാബിലിറേഷൻ സെൻററുകളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | മാനസികമായി പ്രയാസം അനുഭവിക്കുന്ന ഭിന്നശേഷിയുള്ള കുട്ടികൾക്കായി പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളെ കുട്ടികളുടെ ഉന്നമനത്തിനായുള്ള സ്ഥിരം കേന്ദ്രങ്ങളാക്കി ഉയർത്തിക്കൊണ്ടുവരുന്നതിന് സാമൂഹ്യ നീതി വകുപ്പിൽ എന്തെങ്കിലും നടപടികൾ ഉണ്ടോ; വിശദമാക്കാമോ; | (ബി) | നിലവിൽ ബഡ്സ് സ്കൂളുകൾ തദ്ദേശ സ്വയംഭരണ വകുപ്പിൻെറ കീഴിലാണ് പ്രവർത്തിക്കുന്നത്. |
| (സി) | പ്രസ്തുത കുട്ടികൾക്കായി പൊതുകളിയിടങ്ങൾ സ്ഥാപിക്കുവാനും അവർക്ക് രോഗപ്രതിരോധ ശേഷി ഉറപ്പുവരുത്തുവാനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ഭിന്നശേഷിയുള്ള കുട്ടികൾക്കായി പ്രത്യേക കളിയിടങ്ങൾ നിലവിലില്ല. നിലവിലുള്ള പൊതുകളിയിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കി മാററാവുന്നതാണ്. |

സെക്ഷൻ ഓഫീസർ